# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4477

## 18-05-2017 ൽ മറുപടിക്ക്

## കിഫ്ബി -നിക്ഷേപസമാഹരണം

| ചോദ്യം<br>ശ്രീ. മഞ്ഞളാംകുഴി അലി | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
|---|---|
| (എ) രാജ്യത്ത് നിലവിലുള്ള മറ്റ് നിക്ഷേപ മാർഗ്ഗങ്ങളെ അപേക്ഷിച്ച് 'കിഫ്ബി' യിലെ നിക്ഷേപം ഏത് രീതിയിൽ ആകർഷണീയം എന്നാണ് വിലയിരുത്തിയിട്ടുള്ളത്; | സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനത്തിനായി ബഡ്ജറ്റിനു പുറമെ നിന്നും പണം കണ്ടെത്തി ധനസഹായം നൽകുന്നതിനുള്ള കേരള സർക്കാരിന്റെ ഒരു കേന്ദ്രീകൃത ഏജൻസിയാണ് 1999 ൽ സ്ഥാപിതമായ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി). സെബിയും ആർ. ബി. ഐ യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നതിനായി 1999 -ലെ കിഫ് ആക്ട് നവംബർ 2016 ൽ സമഗ്രമായി ഭേദഗതി ചെയ്തു വഴി കടം വാങ്ങുന്ന പ്രക്രിയയുടെ വിശ്വാസ്യത ഉറപ്പിക്കുവാനും, നിക്ഷേപകർക്ക് അവരുടെ മുതലും പലിശയും മുടക്കം കൂടാതെ നൽകുന്നതിനുള്ള ധനലഭ്യത ഉറപ്പു വരുത്തുവാനും കഴിഞ്ഞിട്ടുണ്ട്. നിക്ഷേപകർക്കുള്ള പണത്തിന്റെ മടക്കിക്കൊടുക്കലിനും കടപ്പത്രങ്ങൾ മുതലായവയുടെ വീണ്ടെടുപ്പിനുമായി സർക്കാരിൽ നിന്നും കിഫ്ബിക്ക് ലഭിക്കേണ്ട എല്ലാ തുകകളും ഡിസംബർ മാസത്തിന്റെ അവസാന പ്രവൃത്തി ദിനത്തിനു മുമ്പ് കിഫ്ബിയുടെ അക്കൗണ്ടിലേക്ക് ലഭിക്കുന്നതിനും ടി ഭേദഗതി ചെയ്ത അക്റ്റിൽ വ്യവസ്ഥയുണ്ട്. കിഫ്ബി സമാഹരിക്കുന്ന നിക്ഷേപത്തിന് സർക്കാർ ഗ്യാരന്റി നൽകിയിട്ടുണ്ട്. കൂടാതെ കിഫ്ബി സമാഹരിക്കുന്ന പണം സർക്കാർ |

| | |
|---|---|
| | ഖജനാവിൽ നിക്ഷേപിക്കുകയോ വകുപ്പുകൾ വഴി ചെലവഴിക്കുകയോ ചെയ്യുന്നില്ല. കിഫ്ബിയുടെ മിച്ചപണം ട്രിപ്പിൾ റേറ്റഡ് ആസ്തികളിൽ നിക്ഷേപിക്കുവാനും വ്യവസ്ഥയുണ്ട്. ടി വ്യവസ്ഥകളിലൂടെ ഉറപ്പു വരുത്തുന്ന സുരക്ഷിതത്വം കിഫ്ബിയിലെ നിക്ഷേപം ആകർഷകമാക്കുന്നു. |
| (ബി) കെ.എസ്.എഫ്.ഇ മുഖാന്തിരമുള്ള ചിട്ടി വഴിയല്ലാതെ പ്രവാസികളുൾപ്പെടെയുള്ളവരുടെ നിക്ഷേപം സ്വരൂപിക്കാൻ എന്തൊക്കെ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്? | സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനത്തിനായി ബഡ്ജറ്റിനു പുറമെ നിന്നും പണം കണ്ടെത്തുന്നതിന്റെ ഭാഗമായി കിഫ്ബി കെ.എസ്.എഫ്.ഇ യുമായി ചേർന്ന് എൻ.ആർ.ഐ. ചിട്ടി ആരംഭിക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സ്ഥലമേറ്റെടുപ്പ് ആവശ്യമായ പദ്ധതികൾ കണ്ടെത്തി, ഏറ്റെടുക്കേണ്ട സ്ഥലത്തിന് അതാത് ജില്ലാ കളക്ടർമാർ നിശ്ചയിച്ചിട്ടുള്ള തുകയുടെ മൂല്യമുള്ള ലാന്റ് ബോണ്ടുകൾ പുറപ്പെടുവിച്ച് സ്ഥലമുടമകൾക്ക് ആ തുകകൾ കിഫ്ബിയിൽ നിക്ഷേപിക്കാൻ കഴിയുന്ന രീതി തെരഞ്ഞെടുക്കുന്നതിനുള്ള സംവിധാനവും സർക്കാരിന്റെ പരിഗണനയിലാണ്. ലാന്റ് ബോണ്ടുകളുടെ കാലാവധി തീരുമ്പോൾ പലിശയുൾപ്പെടെയുള്ള തുക സ്ഥലമുടമകൾക്ക് ലഭ്യമാക്കുന്നതാണ്. ഇതിനു പുറമെ സാധാരണക്കാർക്ക് യൂണിറ്റ് രൂപത്തിൽ നിക്ഷേപിക്കാവുന്ന ഇൻഫ്രാസ്ട്രക്ചർ ഡെബ്റ്റ് ഫണ്ട് (IDF) സംവിധാനവും ആലോചനയിലുണ്ട്. |

**സെക്ഷൻ ഓഫീസർ**